KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :19/10/ 2019

# സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന ആൾ പോലീസ് പിടിയിൽ

കൊല്ലം : സ്ക്കൂൾ വിദ്യാർത്ഥികൾക്ക് നിരോധിത പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിയ ആളെ കൊല്ലംസിറ്റി പോലീസ് അറസ്റ്റ്ചെയ്തു. കൊല്ലം ബൈപ്പാസിൽ പാലത്തറ സാരഥിമോട്ടോഴ്സിന് എതിർവശം സ്റ്റേഷനറി കച്ചവടം നടത്തുന്ന വടക്കേവിള ഗുരുദേവനഗർ-1 ൽ തോട്ടിൻകര വീട്ടിൽ ഹിറോഷ് ബാബുവിനെയാണ് പോലീസ് അറസ്റ്റ്ചെയ്തത്. കൊല്ലംസിറ്റി പോലീസ് കമ്മീഷണർ ശ്രീപി.കെ.മധു ഐ.പി.എസ് -ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലംസിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീസർജു പ്രസാദിന്റെ നിർദേശപ്രകാരം കൊല്ലംസിറ്റി സ്പെഷ്യൽ ബ്രാഞ്ച് ലഹരി വിരുദ്ധ സ്ക്വാഡിലെ അംഗങ്ങളായ സബ് ഇൻസ്പെക്ടർ ആർ ജയകുമാർ പോലീസ്സേനാംഗങ്ങളായ ബൈജുജോറോം, സീനു, മനു, സജു, ജോയി, രതീഷ്, റിപു എന്നിവർ നടത്തിയ അന്വേഷണത്തിലാണ് ഇയാൾ പിടിയിലായത്. ഇയാളുടെ കടയിൽ നിന്നും സമീപം സൂക്ഷിച്ചിരുന്ന സ്കൂട്ടറിൽ നിന്നുമായി 274 പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. കൊല്ലം നഗരത്തിലെ ഒരു പ്രമുഖ വിദ്യാലയത്തിൽ നിന്നും രണ്ട് വിദ്യാർത്ഥികളെ കാണാതായ സംഭവവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ ടി കടയിൽ നിന്നും സ്കൂൾ വിദ്യാർത്ഥികൾക്ക് നിരോധിത പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിയിരുന്നതായി വിവരം ലഭിച്ചിരുന്നു. ഇരവിപുരം പോലീസ് ഇൻസ്പെക്ടർ അജിത്കുമാർ, സബ് ഇൻസ്പെക്ടർ വിനോദ് എന്നിവരും റെയ്ഡിൽ പങ്കെടുത്തു. ഇരവിപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.